# പതിനാലാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2017 ജൂൺ 08, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

കന്നുകാലി കശാപ്പ് നിരോധനം

മി. സ്പീക്കർ : രാജ്യം അസാധാരണമായ സാഹചര്യത്തിലേയ്ക്ക് നീങ്ങുന്ന അവസ്ഥയിലാണ് നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംയുക്തമായി തീരുമാനിച്ചത്. ഭരണഘടന വിഭാവനം ചെയ്യുന്ന സുരക്ഷിതത്വവും സംരക്ഷണവും എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കുമോ എന്ന ആശങ്ക ഈ സഭ ചർച്ച ചെയ്യണമെന്ന ആവശ്യമാണ്

ഉയർന്നുവന്നിരിക്കുന്നത്. ഫെഡറൽ അന്ത:സത്തയുടെ ഉള്ളടക്കത്തിൽനിന്ന് വ്യതിചലനം ഉണ്ടാകുമോ എന്ന ആശങ്കയും ഇത്തരം ഒരു ചർച്ചയ്ക്ക് ഉപോൽബലകമായിട്ടുണ്ട്. രാജ്യത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ ഇന്ത്യയിലെ മറ്റ് നിയമസഭകളിൽനിന്ന് വ്യത്യസ്തമായി മുൻപേ പറക്കുന്ന പക്ഷിയാണ് കേരള നിയമസഭ. രാജ്യത്താദ്യമായി ഒരു നിയമസഭ ഈ വിഷയം ചർച്ച ചെയ്യുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : "സംസ്ഥാനങ്ങളുടെ അധികാരം കവർന്ന്, കന്നുകാലി കശാപ്പ് ഫലത്തിൽ വിലക്കിക്കൊണ്ട്, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനംമൂലം സംസ്ഥാനത്തുളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

## II ക്രമപ്രശ്നം

ഉപക്ഷേപം അവതരിപ്പിക്കുന്നതിലെ നടപടിക്രമം

ശ്രീ. കെ. എം. മാണി: ഉപക്ഷേപത്തെ തത്വത്തിൽ അംഗീകരിക്കുന്നു. കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ വ്യവസ്ഥകൾ വിവിധ സംസ്ഥാനങ്ങളിൽ ബാധകമാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത ആക്ടിൽ 6 അദ്ധ്യായങ്ങളിലായി 41 വകുപ്പുകളുണ്ട്. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ, ആക്ടിലെ 1 മുതൽ 5 വരെയുള്ള അദ്ധ്യായങ്ങൾ മാത്രമേ

സംസ്ഥാനത്തിന് ബാധകമാക്കിയിട്ടുള്ളൂ. 6-ാം അദ്ധ്യായം കേരളത്തിന് ബാധകമാക്കിക്കൊണ്ടുള്ള വിജ്ഞാപനം നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കേരളത്തിന് ബാധകമാക്കാത്ത വിജ്ഞാപനത്തെ സംബന്ധിച്ച് ഉപക്ഷേപം അവതരിപ്പിക്കുന്നതിൽ പ്രസക്തിയുണ്ടോയെന്ന് പരിശോധിക്കണം. ഈ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

മി. സ്പീക്കർ: ഉപക്ഷേപത്തിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട കാര്യമാണ് ക്രമപ്രശ്നമായി ഉന്നയിച്ചിരിക്കുന്നത്. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇക്കാര്യം ഉന്നയിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനത്തിന്റെ ഫലമായി അന്യ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് വരുന്ന ലക്ഷക്കണക്കിന് കന്നുകാലികളെ തടയുന്ന അവസ്ഥ വന്നുചേരും. 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ കന്നുകാലി ചന്തകളുടെ പ്രവർത്തനം നിയന്ത്രിക്കാനെന്ന പേരിലാണ് ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് 2017 മേയ് 23-ന് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. കന്നുകാലികളുടെ കശാപ്പ് പൂർണ്ണമായും നിരോധിക്കുന്ന അവസ്ഥയാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്.

രാജ്യത്താകെയും സംസ്ഥാനത്തും തൊഴിൽ-വ്യാപാര-ഭക്ഷ്യസുരക്ഷാ മേഖലകളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കും പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യ പ്രതിസന്ധിക്കും ഇത് വഴിവയ്ക്കും. നിയമത്തിന്റെ മറവിൽ പൗരന്റെ തൊഴിൽ-വ്യാപാര-ആഹാര സ്വാതന്ത്ര്യത്തിനുള്ള മൗലീകാവകാശം ഹനിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങളിലേയ്ക്ക് കേന്ദ്രം കടന്നുകയറുന്ന നിലയും ഈ ചട്ടം പ്രാബല്യത്തിൽ വരുന്നതോടെയുണ്ടാകും. സംസ്ഥാനത്ത് മാംസ വിൽപ്പന തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ലക്ഷക്കണക്കിന് ആളുകളുടെ ജീവിതം ദുരിതത്തിലാകും. കന്നുകാലികളെ കൃഷിയാവശ്യത്തിനല്ലാതെ വിൽക്കരുത്, അറവുശാലകൾക്ക് വിൽക്കരുത്, പ്രായമാകാത്തവയെ ചന്തയിൽ കൊണ്ടുവരരുത്, കന്നുകാലികളുടെ വിശദവിവരങ്ങൾ അടങ്ങിയ സർട്ടിഫിക്കറ്റുകൾ കൈവശം സൂക്ഷിക്കണമെന്നതടക്കമുള്ള അസംബന്ധ ജഡിലവും അപ്രായോഗികവുമായ വ്യവസ്ഥകൾ ചട്ടത്തിൽ കൊണ്ടുവന്നിരിക്കുന്നത് സംസ്ഥാനത്തെ കർഷകർക്ക് വലിയ തിരിച്ചടിയാകും. കേന്ദ്ര വിജ്ഞാപനം കേരളത്തിലെ മാംസോല്പാദന മേഖലയെ അങ്ങേയറ്റം പ്രതികൂലമായി ബാധിക്കും. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനുള്ള ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുനേരെയുള്ള കയ്യേറ്റമാണിത്. കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന ഉരുക്കളുടെ എണ്ണത്തിൽ ഇപ്പോൾത്തന്നെ ഗണ്യമായ കുറവുവന്നിട്ടുണ്ട്. ഈ വിജ്ഞാപനത്തിന്റെ ഫലമായി

സംസ്ഥാനത്തെ പാലുൽപ്പാദനം കുറയുകയും പാൽ വില കൂടുകയും ചെയ്യും. പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്കുവേണ്ടി കറവപ്പശുക്കൾ, കന്നുകുട്ടികൾ എന്നിവയെ അന്യ സംസ്ഥാനങ്ങളിൽനിന്ന് കാലിച്ചന്തകൾ മുഖേന കൊണ്ടുവരുന്നതിന് ഈ നിയന്ത്രണം തടസ്സമായിത്തീരും. ഈ രംഗത്ത് സംസ്ഥാനം നേടിയ വർദ്ധന നിലനിർത്താൻ കഴിയാത്ത സാഹചര്യമാണ് സംജാതമായിരിക്കുന്നത്. കറവ വറ്റിയതും പ്രായമായതുമായ കന്നുകാലികളെ വിറ്റഴിക്കാൻ കഴിയാതെ വരുന്നതോടെ നാട്ടിൻപുറങ്ങളിലെ ക്ഷീരകർഷകർ പ്രതിസന്ധിയിലാകും. ഫലത്തിൽ ഭരണഘടനയിലെ 19 (1) (ജി) അനുച്ഛേദം ഉറപ്പുനൽകുന്ന തൊഴിൽ ചെയ്യാനുള്ള മൗലികാവകാശം ലംഘിക്കപ്പെടുകയാണ്. പുതിയ നിയന്ത്രണങ്ങൾ മൃഗശാലാ നടത്തിപ്പിനെ അവതാളത്തിലാക്കും. കേന്ദ്ര വിജ്ഞാപനം ജനങ്ങളെ ഒന്നടങ്കം ബാധിക്കുന്ന കാര്യമാണ്. കേരളത്തിൽ മാംസാഹാരം കഴിക്കുന്ന 95 ശതമാനത്തിലധികവും സാധാരണക്കാരും ദരിദ്രരുമാണ്. സംസ്ഥാനത്ത് നടക്കുന്ന കോടിക്കണക്കിന് രൂപയുടെ മാംസ കച്ചവടത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് ഈ നീക്കം എന്ന് തിരിച്ചറിയണം. ഈ തീരുമാനം മറ്റ് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റത്തിനും ജീവിതച്ചെലവ് വർദ്ധിക്കുന്നതിനും ഇടയാകും. ഈ നിയന്ത്രണങ്ങൾമൂലം മാംസക്കയറ്റുമതി രംഗത്ത് ചെറുകിടക്കാർ പൂർണ്ണമായും

ഒഴിവാക്കപ്പെടുന്ന സാഹചര്യമുണ്ടാകും. വൻകിട കോർപ്പറേറ്റുകൾക്ക് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാക്കുന്നില്ല. എന്നാൽ പ്രസ്തുത വിജ്ഞാപനംമൂലം തുകൽ വ്യവസായ മേഖല തകരുകയും മൃഗങ്ങളുടെ തോൽ വിൽക്കുന്നതിലൂടെ ഇറച്ചിക്കച്ചവടക്കാർക്ക് ലഭിക്കുന്ന വരുമാനം ഇല്ലാതാകുകയും ചെയ്യും. കർഷകരേയും മാട്ടുകച്ചവടക്കാരേയും തൊഴിലാളികളേയും കഷ്ടത്തിലാക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടുള്ളത്. കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്ന ചട്ട ഭേദഗതി ഭരണഘടനാവിരുദ്ധവും ഫെഡറൽ തത്വങ്ങൾ ലംഘിക്കുന്നതും നിയമവിരുദ്ധവുമാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുന്ന മൃഗസംരക്ഷണവും പരിപാലനവും സംബന്ധിച്ച് നിയമം നിർമ്മിക്കാനോ ചട്ടങ്ങൾ ഉണ്ടാക്കാനോ ഉത്തരവ് പുറപ്പെടുവിക്കാനോ കേന്ദ്ര സർക്കാരിന് അധികാരമില്ല. ഈ വിജ്ഞാപനം സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റവും ഭരണഘടനാ ലംഘനവുമാണ്. ഭക്ഷണത്തിനുവേണ്ടി മൃഗങ്ങളെ കൊല്ലുന്നത് നിയമപ്രകാരം അനുവദനീയമാണെന്നിരിക്കെ കശാപ്പിനായി മൃഗങ്ങളെ വിൽക്കുന്നത് തടയാൻ കഴിയില്ല. മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായാണ് ചട്ടങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. കാർഷിക-വ്യാവസായിക-തൊഴിൽ മേഖലകളെ തകർക്കുന്നതും പൗരാവകാശത്തെ ലംഘിക്കുന്നതും

സംസ്ഥാനങ്ങളുടെ അധികാരങ്ങളിൽ കടന്നുകയറുന്നതുമായ കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം ജനങ്ങളുടെ പൊതുതാൽപര്യം പരിഗണിച്ച് റദ്ദാക്കണമെന്ന് ആവശ്യപ്പെടുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേന്ദ്ര സർക്കാർ ജനങ്ങളുടെ ജീവിതത്തെയും ജീവിത രീതികളെയും ആഹാരക്രമങ്ങളെയും നിയന്ത്രിച്ച് തുടങ്ങിയിരിക്കുകയാണ്. വൻകിട കയറ്റുമതി-ഇറക്കുമതി കമ്പനികൾക്കുവേണ്ടിയാണ് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. ബീഫ് നിരോധിച്ചിട്ടില്ലെന്നും കാലിച്ചന്തകളിലെ വിപണനം മാത്രമേ നിരോധിച്ചിട്ടുള്ളൂവെന്നുമുള്ള കേന്ദ്ര സർക്കാരിന്റെ വാദം തെറ്റാണ്. ഉടമസ്ഥൻ മാടിനെ അറവിനുവേണ്ടി വിൽക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നതിലൂടെ അറവ് നിരോധിക്കുന്ന വിജ്ഞാപനമാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. ഇതിലെ നിബന്ധനകൾ വൻകിട കച്ചവടക്കാർക്ക് സഹായകരമാണ്. മാടിനെ വാങ്ങുന്നത് സംബന്ധിച്ച് സാക്ഷ്യപ്പെടുത്തുകയും ഇക്കാര്യം അധികൃതർ ഉറപ്പുവരുത്തുകയും ചെയ്യണം.

വിപണിയിൽനിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് വിനിയോഗ ചട്ടം ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. കാളകളുടെ വന്ധീകരണ പ്രക്രിയ കുറ്റകരമാക്കിയിരിക്കുന്നതിലൂടെ പ്രായമാകുന്ന കാലികളെ കശാപ്പിനായി വിൽക്കുകയും പുതിയവയെ വാങ്ങുകയും ചെയ്യുന്നതിനുള്ള കർഷകരുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുകയും ക്ഷീരകർഷകരുടെ ജീവിതമാർഗ്ഗം ഇല്ലാതാകുകയും ചെയ്യുകയാണ്. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനംമൂലം കശാപ്പുമായി ബന്ധപ്പെട്ട തൊഴിൽ നഷ്ടപ്പെടുകയും ബീഫ് നിരോധിത ഭക്ഷണമാവുകയും ചെയ്യുന്ന സാഹചര്യമുണ്ടാകും. സഹകരണ മേഖലയിൽ കശാപ്പ് ശാലകളും കാലിച്ചന്തകളും രൂപീകരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുകയും ഇതിനായി നിയമനിർമ്മാണം നടത്തുകയും ചെയ്യണം. മൂല്യവർദ്ധിത ബീഫ് കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് വരുമാനമുണ്ടാക്കാൻ സാധിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. 2017 മേയ് 23-ാം തീയതി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനംമൂലം സംസ്ഥാനത്ത് ഉണ്ടാകാൻ സാധ്യതയുള്ള ഗുരുതരമായ വിഷയം ചർച്ച ചെയ്യുന്നതിന് പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനത്തെത്തുടർന്ന് സാമ്പത്തിക രംഗത്തുണ്ടായിട്ടുള്ള പ്രതിഫലനങ്ങൾ, ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ, സാമൂഹ്യപ്രത്യാഘാതം,

രാഷ്ട്രീയവശം എന്നിവയെക്കുറിച്ച് ആലോചിക്കണം. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനായി ഇറക്കിയ വിജ്ഞാപനംമൂലം രാജ്യത്ത് വലിയ സാമ്പത്തിക പ്രത്യാഘാതമാണ് ഉണ്ടായിട്ടുള്ളത്. പാൽ, തുകൽ, വൈക്കോൽ, എല്ല് തുടങ്ങിയ വ്യാപാര മേഖലകളെ ഇത് ഗുരുതരമായി ബാധിക്കും. കോടിക്കണക്കിന് രൂപയുടെ കച്ചവടം നടക്കുന്നതും അഞ്ച് ലക്ഷത്തോളം ജോലിക്കാരുള്ളതുമായ കന്നുകാലി മാർക്കറ്റ് സംസ്ഥാനത്തുണ്ട്. ബീഫ് നിരോധനം കേരളീയരുടെ ഭക്ഷണക്രമത്തെ ബാധിക്കും. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കന്നുകാലികളുടെ വരവ് തടയുന്നതിന് തീരുമാനമുണ്ടായാൽ കേരളത്തിലും അതിന്റെ പ്രത്യാഘാതങ്ങളുണ്ടാകും. നാട്ടിൻപുറങ്ങളിൽ കന്നുകാലികളെ വളർത്തി വരുമാനമുണ്ടാക്കുന്ന സ്ത്രീകളേയും ഇത് പ്രതികൂലമായി ബാധിക്കും. ബീഫ് ഉല്പാദനത്തിൽ അഞ്ചാം സ്ഥാനത്തുനിൽക്കുന്ന ഇന്ത്യ ഒരു വർഷം 23650 കോടി രൂപയുടെ മാട്ടിറച്ചിയാണ് കയറ്റി അയയ്ക്കുന്നത്. 2016-17 ജനവരി വരെയുള്ള കണക്ക് പ്രകാരം 21316 കോടി രൂപയാണ് ബീഫ് കയറ്റുമതിയിലൂടെ രാജ്യത്തിന് ലഭിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഈ വിജ്ഞാപനം സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ്ഘടനയെ ഗുരുതരമായി ബാധിക്കും. ഇതിലൂടെ വിദേശ കറൻസി രാജ്യത്തേയ്ക്ക് വരുന്നത് ഇല്ലാതാക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ

ഇക്കാര്യത്തിൽ പുതിയ നിയമ നിർമ്മാണം നടത്താൻ തയ്യാറാകണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. 2017 മേയ് 23-ാം തീയതി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനം സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. ഇഷ്ടമുള്ള ആഹാരം കഴിക്കാനുള്ള വ്യക്തി സ്വാതന്ത്ര്യത്തിൻമേലുള്ള കടന്നുകയറ്റം അംഗീകരിക്കാൻ കഴിയില്ല. ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാനുള്ള രാഷ്ട്രീയ ശ്രമത്തിന്റെ ഭാഗമായി പശുവിനെ ഒരു രാഷ്ട്രീയ മൃഗമാക്കുകയാണ് ചെയ്യുന്നത്. ഇന്ത്യയിൽ കന്നുകാലികളെ വളർത്തി ജീവിക്കുന്ന കോടാനുകോടി മനുഷ്യരിൽ കൂടുതലും പാവപ്പെട്ട ജനവിഭാഗങ്ങളാണ്. അവരുടെ ജീവിതം തട്ടിയെടുക്കാനുള്ള ഹിഡൻ അജണ്ട ഇതിലുള്ളതിനാൽ ഇത് കോർപ്പറേറ്റുവത്കരിക്കപ്പെടാതിരിക്കാനും വാണിജ്യവത്കരണത്തിന്റെ താല്പര്യത്തിന് പിന്നിൽ നിൽക്കുന്നവരെ തുറന്നുകാണിക്കാനും നടപടിയുണ്ടാകണം. കന്നുകാലി കച്ചവടത്തിന്റെ കുത്തക നിലനിർത്താൻ നടത്തുന്ന പ്രവർത്തനങ്ങളെ സൂക്ഷ്മമായി പരിശോധിക്കുകയും അതിന് അനുകൂലമായി നിൽക്കുന്ന ഭരണകൂടത്തിന്റെ ചതിയെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം. മൃഗങ്ങളോട് സ്നേഹം കാണിക്കുകയും മനുഷ്യരെ ക്രൂരമായി ആക്രമിക്കുകയും ചെയ്യുന്ന ജനവിരുദ്ധ പ്രവർത്തനങ്ങളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഭരണകൂടത്തിന്റെ തണലിൽ അന്ധവിശ്വാസങ്ങൾക്ക് ആക്കം കൂട്ടിക്കൊണ്ട്

ഇന്ത്യയിൽ ആൾ ദൈവങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യർക്കുവേണ്ടി വാദിക്കുന്നവരെ എതിർക്കുകയും അന്ധവിശ്വാസം പ്രചരിപ്പിക്കുന്നവരെയും മൃഗസ്നേഹം പറയുന്നവരെയും സംരക്ഷിക്കുകയും ചെയ്യുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. മനുഷ്യൻ ഒഴിച്ചുള്ളതെല്ലാം മനുഷ്യന് ആഹാരമാക്കാമെന്നതാണ് ഭരണഘടന വിവക്ഷിച്ചിരിക്കുന്നത്. മനുഷ്യരോട് ക്രൂരത ചെയ്യുന്നവരുടെ നയങ്ങൾ തിരുത്താനും പിൻവലിപ്പിക്കാനും കേരള നിയമസഭ നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ പിന്തുണയും നൽകുന്നു.

ഡോ. എം. കെ. മുനീർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഭരണകൂടത്തിന്റെ പ്രധാനമായ ലക്ഷ്യം എല്ലാ പൗരൻമാർക്കും ഭക്ഷണം ഉറപ്പുവരുത്തുകയെന്നുള്ളതാണ്. കഴിക്കുന്നവന്റെ ഭക്ഷണം ഇല്ലാതാക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതയുമായി ബന്ധപ്പെട്ട 1960-ലെ നിയമത്തിന്റെ 11(ഇ) വകുപ്പിൽ ക്രൂരമല്ലാത്ത രീതിയിൽ മൃഗങ്ങളെ അറക്കുന്നത് തെറ്റല്ല എന്ന് പറയുന്നുണ്ട്. ഈ നിയമം നിലനിൽക്കേ അതിന് വിരുദ്ധമായ രീതിയിൽ ചട്ടമുണ്ടാക്കാൻ ഗവൺമെന്റിന് അധികാരമില്ല. ഗോവധ നിരോധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്റ്റേറ്റ് ലിസ്റ്റിൽ വരുന്നതാണ്. ഈ പ്രശ്നത്തെ മതപരമായി തിരിച്ചുവിടാനുള്ള ശ്രമങ്ങൾ നടക്കുന്നത് അപലപനീയമാണ്. ചട്ടങ്ങൾ വന്നതോടുകൂടി കാലിവളർത്തലും

പാലുത്പാദനവും നടത്തി ഉപജീവനം കഴിക്കുന്ന കർഷകർ പ്രതിസന്ധിയിലായിരിക്കുകയാണ്. ചെറിയ ചെറിയ അറവുശാലകളെ ഇല്ലാതാക്കി കോർപ്പറേറ്റുകൾക്ക് ഈ മേഖലയിൽ മേൽക്കൈ നേടുന്നതിനും ബീഫ് എക്സ്പോർട്ട് സുഗമമാക്കുന്നതിനുമാണ് ചട്ടം കൊണ്ടുവന്നിരിക്കുന്നത്. വളർത്ത് പശുക്കളെ തെരുവ് പശുക്കളാക്കുന്ന അവസ്ഥയാണ് വരാൻ പോകുന്നത്. വർഗ്ഗീയതയ്ക്ക് വളം വയ്ക്കുന്ന രീതിയിൽ കൊണ്ടുവരുന്ന നയത്തെ എതിർക്കുന്നു.

ശ്രീ. എസ്. ശർമ്മ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന വിധത്തിൽ 23-05-2017-ൽ കേന്ദ്ര ഗവൺമെന്റ് നിയമവിരുദ്ധമായി പുറപ്പെടുവിച്ച കന്നുകാലി കശാപ്പ് നിരോധനവുമായി ബന്ധപ്പെട്ട വിജ്ഞാപനം പിൻവലിക്കാൻ തയ്യാറാകണം. ഭരണഘടനാപരമായും സുപ്രീം കോടതി വിധിക്കനുസൃതമായും വളർത്ത് മൃഗങ്ങളുടെ വിപണനം-കൈമാറ്റം-വാണിജ്യം എന്നിവയ്ക്കുള്ള പൂർണ്ണ അധികാരം അതാത് സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമായിട്ടുള്ളതിനാൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച പുതിയ ചട്ടം യുക്തിക്ക് നിരക്കാത്തതും മതേതര ജനാധിപത്യ സംസ്കാരത്തിന് നേരെയുള്ള വെല്ലുവിളിയുമാണ്. ജനങ്ങളുടെ ജനാധിപത്യ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണങ്ങൾക്കെതിരെയും രാഷ്ട്രീയ-സാഹിത്യ-സാമൂഹ്യ-സാംസ്കാരിക

രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കെതിരെ ഉയർന്നുവന്നിട്ടുള്ള ഫാസിസ്റ്റ് അക്രമങ്ങൾക്കെതിരെയും ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ തയ്യാറാകണം.

ശ്രീ. കെ. എം. മാണി: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കന്നുകാലി കശാപ്പ് നിരോധിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണ്. ജനങ്ങളുടെ ഭക്ഷണക്രമത്തിന്മേലും ജീവിക്കാനുള്ള അവകാശത്തിന്മേലും നിയന്ത്രണം ഏർപ്പെടുത്തുന്നത് ന്യായീകരിക്കാവുന്നതല്ല. കന്നുകാലികളെ വളർത്തുന്നതിനും കൈമാറ്റം ചെയ്യുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കേന്ദ്ര ഗവൺമെന്റിന്റെ കടന്നുകയറ്റം ഭരണഘടനാ വിരുദ്ധമാണ്.

ശ്രീ. രാജു എബ്രഹാം: ഉപക്ഷേപത്തെ പിന്താങ്ങുന്നു. പരിഷ്കൃത ജനാധിപത്യ രാജ്യങ്ങളിലൊന്നും മൃഗങ്ങളെ കൊല്ലുന്നത് നിരോധിച്ചിട്ടില്ല. രാജഭരണകാലത്തുപോലും ഇല്ലാതിരുന്ന ഒരു നിരോധനമാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ജനങ്ങളുടെ അവകാശമായ ഭക്ഷണ കാര്യത്തിലേർപ്പെടുത്തിയിരിക്കുന്ന നിരോധനം അപകടകരമായ പല സ്ഥിതിവിശേഷങ്ങൾക്കും കാരണമാകും. പാർലമെന്റിനെ അഭിമുഖീകരിക്കാത്ത,

ജനാധിപത്യത്തിൽ വിശ്വസിക്കാത്ത പ്രധാനമന്ത്രി സംസ്ഥാനങ്ങളുടെ അധികാരത്തിൽ കൈകടത്തുകയാണ്. മനുഷ്യരെ വർഗ്ഗീയമായി വേർതിരിക്കാൻ മാത്രമേ ഈ നിയമം ഉപകരിക്കുകയുള്ളൂ.

ശ്രീ. അനൂപ് ജേക്കബ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ്. ഇത് രാജ്യത്ത് ഗുരുതരമായ പല പ്രതിസന്ധികൾക്കും കാരണമാകും. രാജ്യത്തെ ജാതീയമായി വേർതിരിച്ച് വോട്ട് നേടുക എന്നതാണ് ഈ നിയമം പ്രാവർത്തികമാക്കുന്നതിന് പിന്നിലുള്ള ലക്ഷ്യം. സംസ്ഥാന സർക്കാരുകളുടെ അനുമതി തേടാതെ ഈ നിയമം നടപ്പിലാക്കുന്നത് അവകാശലംഘനമാണ്. കന്നുകാലികളെ സംസ്ഥാനത്തുതന്നെ ബ്രീഡ് ചെയ്യാനും ആവശ്യമായ നിയമനിർമ്മാണം നടത്താനും എല്ലാ പഞ്ചായത്തുകളിലും ആധുനിക സ്ലോട്ടർ ഹൗസുകൾ നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനത്തിലൂടെ വൻകിട കുത്തക രാജ്യങ്ങളിൽ നിന്ന് ബീഫ് ഇറക്കുമതി ചെയ്ത് കോടിക്കണക്കിനു രൂപ നേടിക്കൊടുക്കാനുള്ള അവസരമൊരുക്കുകയാണ് ചെയ്യുന്നത്. ന്യൂനപക്ഷ താല്പര്യത്തിന് വിരുദ്ധമായ ഈ നിയമം തടയപ്പെടേണ്ടതാണ്. ജനങ്ങളുടെ അവകാശം നിഷേധിക്കപ്പെടുന്ന ഈ

നിയമത്തിനെതിരെ ഭരണ-പ്രതിപക്ഷാംഗങ്ങൾ ഒറ്റക്കെട്ടായി നിൽക്കുന്നത് അഭിനന്ദനാർഹരാണ്.

ശ്രീ. ഒ. രാജഗോപാൽ: ഉപക്ഷേപത്തെ എതിർക്കുന്നു. കേന്ദ്ര വിരുദ്ധ പ്രചരണം നടത്തി ഇല്ലാത്ത വിഷയത്തെ സംബന്ധിച്ച് ജനങ്ങളിൽ ആശയക്കുഴപ്പവും ആശങ്കയും സൃഷ്ടിച്ച് വിലകുറഞ്ഞ രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയാണ് ഭരണ-പ്രതിപക്ഷ ഒത്തുചേരലിന്റെ ലക്ഷ്യം. കേന്ദ്ര വിരുദ്ധ പ്രചരണത്തിനും വർഗ്ഗീയവികാരം ഇളക്കിവിട്ട് സമൂഹത്തിൽ സംഘർഷം സൃഷ്ടിക്കുന്നതിനും സഭ ദുർവിനിയോഗം ചെയ്യപ്പെടുന്നത് തടയേണ്ടതാണ്. കന്നുകാലി ചന്തയിലെ വ്യാപാരത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെ മാംസ വിൽപ്പന നിരോധനമായി ചിത്രീകരിക്കപ്പെട്ടിരിക്കുകയാണ്. കൃഷിക്കാരനെ സഹായിക്കാനാണ് ഈ നിയമം കൊണ്ടുവന്നത്. കൃഷിക്കാരന്റെ നിലനിൽപ്പിന് കന്നുകാലി സമ്പത്ത് ആവശ്യമാണ്. അതിൽ കുറവുവന്നതിനെത്തുടർന്ന് സുപ്രീം കോടതിയിൽ കേസ് വരികയും അതിനനുസരിച്ച് റൂൾസ് കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അത് ഭേദഗതി ചെയ്യാൻ തയ്യാറാണെന്ന് വെളിപ്പെടുത്തിയതിനുശേഷവും പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടിയിരിക്കുന്നത് രാഷ്ട്രീയലക്ഷ്യം മുൻനിർത്തിയാണ്. സുപ്രീം കോടതിയും ഹൈക്കോടതിയും ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മനുഷ്യരുടെ ആഹാര രീതികളെ ദുരുപയോഗം ചെയ്ത് വർഗ്ഗീയ ഫാസിസം നടപ്പിലാക്കാനുള്ള നയരൂപീകരണമാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്. ജനങ്ങളെ തമ്മിലടിപ്പിച്ച് രാജ്യത്തെ ഭിന്നിപ്പിക്കുന്ന തീരുമാനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറണം. ഇത്തരം കാര്യങ്ങളിൽ ഭരണഘടനാപ്രകാരം തീരുമാനമെടുക്കുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കെ കേന്ദ്ര സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് ഭരണഘടനയോടുള്ള കടുത്ത അവഹേളനമാണ്.

ശ്രീ. എ. എം. ആരിഫ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. വർഗ്ഗീയതയ്ക്കെതിരെയുള്ള സർക്കാരിന്റെ പോരാട്ടമാണ് ഈ ഉപക്ഷേപത്തിലൂടെ കാണാൻ സാധിക്കുന്നത്. ബീഫ്, പാൽ, തുകൽ, പാലുൽപ്പന്നങ്ങൾ എന്നിവ രാജ്യത്ത് പൂർണ്ണമായി നിരോധിച്ചുകൊണ്ട് വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതിനും അതുവഴി വൻകിട കുത്തകകളെ സഹായിക്കുന്നതിനുമാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ജനവിരുദ്ധമായ ഈ വിജ്ഞാപനം പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംഘപരിവാറിന്റെ അജണ്ടയ്ക്കെതിരെ ശബ്ദമുയർത്താൻ മറ്റ് സംസ്ഥാനങ്ങൾ

മടിക്കുമ്പോൾ ഇത്തരമൊരു വിഷയം ചർച്ച ചെയ്യാൻ പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടാൻ തയ്യാറായതിലൂടെ കേരളം മാതൃകയാകുകയാണ്. ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന രീതിയിൽ ഒരു സംസ്ഥാനത്തിന്റെ അധികാരത്തിൽ ഇടപെട്ട് ജനങ്ങളുടെ ഭക്ഷണക്രമത്തെ നിയന്ത്രിക്കുന്ന കേന്ദ്ര സർക്കാരിന്റെ അധികാര ദുർവിനിയോഗത്തിനെതിരെ ശക്തമായി പ്രതിഷേധിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തെ മാംസ വിപണിയിൽ സഹകരണാടിസ്ഥാനത്തിലുള്ള സംരംഭങ്ങൾ ആരംഭിച്ച് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കണം. ആധുനിക സാങ്കേതികവിദ്യയിലുള്ള ശീതീകരിച്ച നവീന അറവുശാലകൾ സ്ഥാപിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കണം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇന്ത്യൻ സമൂഹത്തിന് ഒരു സന്ദേശമായി ഉയർന്നുവരാൻ ഈ ചർച്ച ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം ഉദ്ധരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഇറക്കിയ വിജ്ഞാപനം നിയമപരമായും സാംസ്കാരികമായും സാമ്പത്തികമായും രാജ്യത്തെ ജനങ്ങളോട് അനീതിയാണ് കാണിക്കുന്നത്. പ്രസ്തുത നിയമത്തിൽ ഭേദഗതികൾ വന്ന ഘട്ടത്തിലൊന്നും ഭക്ഷണത്തിനായി മൃഗങ്ങളെ കൊല്ലുന്നതിനെ

തടഞ്ഞിരുന്നില്ല. ഇത്തരത്തിലൊരു വിജ്ഞാപനത്തിലൂടെ ഇന്ത്യൻ ജനതയ്ക്കിടയിൽ മതധ്രുവീകരണം നടപ്പാക്കി വർഗ്ഗീയ കലാപം സൃഷ്ടിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. Prevention of cruelty to animals എന്ന നിയമത്തിലെ 38-ാം വകുപ്പിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇത്തരമൊരു വിജ്ഞാപനം പുറപ്പെടുവിക്കാൻ കേന്ദ്ര ഗവൺമെന്റിന് അധികാരമില്ല. കന്നുകാലികളും അവയുടെ കശാപ്പും സംബന്ധിച്ച് നിയമനിർമ്മാണം നടത്താനുള്ള അധികാരം നിയമസഭകൾക്കാണുള്ളത്. ഇന്ത്യാ രാജ്യത്ത് തീവ്രമായ ഭീകരത സൃഷ്ടിക്കാനുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ന്യൂനപക്ഷങ്ങൾക്കും ദളിത്, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമെതിരെയുള്ള കടന്നാക്രമണം കന്നുകാലി കശാപ്പ് നിരോധനത്തിലൂടെ നടപ്പാക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. മാംസ കയറ്റുമതിയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം ഏതാണ്ട് 21,316 കോടി രൂപയുടെ വരുമാനമാണ് രാജ്യത്തിന് ലഭിച്ചത്. കേന്ദ്ര സർക്കാരിന്റെ ഇത്തരം ഫാസിസ്റ്റ് നീക്കത്തെ ജനാധിപത്യ ശക്തികൾ ഒറ്റക്കെട്ടായി ചെറുത്തുതോൽപ്പിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇത്തരമൊരു സമ്മേളനം വിളിച്ചുചേർക്കാൻ മുൻകയ്യെടുത്ത മുഖ്യമന്ത്രിക്കും സഭാദ്ധ്യക്ഷനും നന്ദി രേഖപ്പെടുത്തുന്നു. കന്നുകാലികളെ കശാപ്പ് ചെയ്യുന്നത്

നിരോധിച്ചതിനെതിരെയുള്ള കേരളത്തിന്റെ വികാരം സുപ്രീംകോടതിയെയും കേന്ദ്ര സർക്കാരിനെയും അറിയിക്കാൻ ഈ സഭാ സമ്മേളനത്തിലൂടെ സാധിക്കും. കന്നുകാലി കശാപ്പ് വിലക്കിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ഇന്ത്യയുടെ കാർഷിക-സാമ്പത്തിക-തൊഴിൽ മേഖലകളെ ഗുരുതരമായി ബാധിക്കും. ജനങ്ങളുടെ പരമ്പരാഗത ജീവിത ശൈലിയെയും ആഹാരരീതിയെയും ചോദ്യം ചെയ്യത്തക്ക രീതിയിലുള്ള വിജ്ഞാപനം പൗരസ്വാതന്ത്ര്യത്തിനു നേരെയുള്ള കടന്നാക്രമണമാണ്. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് കേന്ദ്ര സർക്കാർ ഇതിലൂടെ നടത്തിയിരിക്കുന്നത്. പ്രായം ചെന്ന കന്നുകാലികളുടെ കാര്യത്തിലുള്ള അവ്യക്തത ഒഴിവാക്കണം. കന്നുകാലി കശാപ്പ് നിരോധനം രാജ്യത്തെ മാംസം, തുകൽ വ്യാപാരങ്ങളെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ഈ തീരുമാനം മാംസം കയറ്റുമതിയിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യയുടെ സാമ്പത്തിക മേഖലയെ തകർക്കുന്നതാണ്. സംസ്ഥാനത്ത് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകളെ കേന്ദ്ര വിജ്ഞാപനം ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ രാജ്യത്ത് വമ്പിച്ച മതേതര മുന്നേറ്റം ആസന്നഭാവിയിലുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. രാജ്യത്ത് ഉയർന്ന പ്രതിഷേധങ്ങൾ കണക്കിലെടുത്ത് സുപ്രീം

കോടതി വീണ്ടും ഈ കേസ് പരിഗണിക്കാൻ തയ്യാറായ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ മനോഭാവത്തിൽ മാറ്റം വരുത്തണം. ആവശ്യമെങ്കിൽ ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തിന് അനുകൂലമായ അഭിപ്രായമാണ് പൊതുവായി ഉയർന്നുവന്നിട്ടുള്ളത്. കേന്ദ്ര വിജ്ഞാപനം സംസ്ഥാനത്തെ കന്നുകാലി-ക്ഷീര മേഖലകളെ ദോഷകരമായി ബാധിക്കുന്നതാണ്. കശാപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഈ വിജ്ഞാപനത്തിലൂടെ കശാപ്പിനുവേണ്ടി കാലികളെ മാർക്കറ്റിലേയ്ക്ക് കൊണ്ടുവരുന്നത് പൂർണ്ണമായി തടഞ്ഞിരിക്കുകയാണ്. കന്നുകാലിയെ തിരിച്ചറിയാനുള്ള വിശദ വിവരങ്ങൾ, കശാപ്പിന് വേണ്ടിയല്ലെന്നുള്ള ഡിക്ലറേഷൻ, വാങ്ങുന്ന ആളിന്റെ പേരും മേൽവിലാസവും, വാങ്ങുന്നയാൾ ആറുമാസത്തേയ്ക്ക് വിൽക്കില്ലെന്നും നിയമ പ്രകാരം കൊണ്ടുപോകുന്നതിനുള്ള ചെലവുകൾ വഹിച്ചുകൊള്ളാമെന്നുമുള്ള സമ്മതപത്രം, വാങ്ങുന്നയാൾ കർഷകനാണെന്ന് തെളിയിക്കുന്ന റവന്യൂ രേഖ എന്നിങ്ങനെ നിരവധി വ്യവസ്ഥകളാണ് കന്നുകാലി വില്പനയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ വിജ്ഞാപനം കാലി

വളർത്തൽ ലാഭകരമല്ലാതാക്കുമെന്നും കന്നുകാലികൾ സാമൂഹ്യപ്രശ്നമാകുമെന്നുമുള്ള കേന്ദ്ര സാമ്പത്തിക ഉപദേഷ്ടാവിന്റെ മുന്നറിയിപ്പ് വസ്തുതകൾ മുൻനിർത്തിയുള്ളതാണ്. സംസ്ഥാനത്തിന് പുറത്തുള്ളവർക്ക് കന്നുകാലികളെ വിൽക്കാൻ പാടില്ലെന്ന വ്യവസ്ഥ കന്നുകാലി കർഷകരെയും ക്ഷീര മേഖലയേയും ദോഷകരമായി ബാധിക്കുന്നതും പാലുല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന വകുപ്പിന്റെ ലക്ഷ്യത്തിന് തടസ്സവുമാണ്. സംസ്ഥാനങ്ങളെയാകെ ബാധിക്കുന്ന ഈ വിഷയം പാർലമെന്റിൽ ചർച്ച ചെയ്യാനോ തീരുമാനമെടുക്കാനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. കന്നുകാലി/ക്ഷീര മേഖലകളെ ബാധിച്ചിരിക്കുന്ന ഈ വിജ്ഞാപനം പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. ഭരണപരമായും വാണിജ്യപരമായും ഭക്ഷണപരമായും തൊഴിൽപരമായും മതപരമായും രാഷ്ട്രീയപരമായും പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു ഉത്തരവാണ് കേന്ദ്ര ഗവൺമെന്റ് പുറപ്പടുവിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന് ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള അധികാര മേഖലയിലല്ല ഇത് പുറപ്പെടുവിച്ചിട്ടുള്ളത് എന്നതാണ് മറ്റൊരു പ്രശ്നം. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണിത്. 1960-ലെ കന്നുകാലികൾക്കെതിരായിട്ടുള്ള ക്രൂരത തടയുന്നതിനുള്ള പാരന്റ് ആക്ടിന് വിരുദ്ധമായിട്ടുള്ള ചട്ടം കൊണ്ടുവരുന്നതുവഴി നിയമലംഘനമാണ് കേന്ദ്ര ഗവൺമെന്റ്

നടത്തിയിരിക്കുന്നത്. കന്നുകാലി കശാപ്പ് നിരോധനവുമായി ബന്ധപ്പെട്ട വിഷയം സംസ്ഥാന നിയമനിർമ്മാണ സഭയുടെ അധികാര പരിധിയിൽ വരുന്ന വിഷയമായിരിക്കെ 1960-ലെ മൂലനിയമത്തിന്റെ ചുവടുപിടിച്ച് കശാപ്പു നിരോധനം നടപ്പാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമം സംസ്ഥാനത്ത് വേണ്ടത്ര അറവുമാടുകളെ കിട്ടാനില്ലാത്ത നില സംജാതമാക്കും. മാട്ടുവളർത്തൽകൊണ്ടുമാത്രം ഉപജീവനം നടത്തുന്നവർക്ക് കുറഞ്ഞ വിലയ്ക്ക് കന്നുകാലികളെ വൻകിട ഫാമുകൾക്ക് വിറ്റഴിക്കേണ്ട സ്ഥിതി സംജാതമാകുകയാണ്. ഇത്തരമൊരു നടപടി ക്ഷീര മേഖലയെയും കന്നുകാലി കർഷക മേഖലയെയും തുകൽ വ്യവസായത്തെയും ദോഷകരമായി ബാധിക്കും. ചർച്ചയ്ക്കിടെ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളെല്ലാം പരിഗണിച്ച് ഉപക്ഷേപം പാസ്സാക്കിയശേഷം തുടർന്ന് എന്തു നടപടി ഇക്കാര്യത്തിൽ സ്വീകരിക്കണമെന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): നിയമപരമായി 'ആതറൈസ്ഡ് പർപ്പസിന് മൃഗങ്ങളെ കശാപ്പ് ചെയ്യാമെന്നാണ് സുപ്രീം കോടതി പറഞ്ഞിട്ടുള്ളത്. അത്തരത്തിലുള്ള 'ആതറൈസ്ഡ് പർപ്പസ് ആണ് കേരളത്തിലുമുള്ളത്. കാർഷിക മേഖലയ്ക്കുള്ള ഏറ്റവും വലിയ തിരിച്ചടിയാണ് ഈ ഉത്തരവ്. വർഗ്ഗീയ ലക്ഷ്യം മുൻനിർത്തിയുള്ള കേന്ദ്ര സർക്കാരിന്റെ ഇത്തരം

നടപടികളെ കേരള ജനത ഒറ്റക്കെട്ടായി എതിർക്കുമെന്ന കാര്യത്തിൽ സംശയമില്ല. കശാപ്പിനായി മൃഗങ്ങളെ വിൽക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്തുന്നതിലൂടെ രാജ്യം മുഴുവൻ വർഗ്ഗീയ സംഘർഷമുണ്ടാക്കാനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്. കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്ന നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. വർഗ്ഗീയ ലക്ഷ്യം വച്ചുകൊണ്ടുള്ള കേന്ദ്ര നീക്കങ്ങളെ കേരളം ഒറ്റക്കെട്ടായി എതിർക്കുമെന്ന കാര്യത്തിൽ സംശയമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ദുരുദ്ദേശ്യത്തോടെ കൊണ്ടുവന്ന ഒരു വിഷയമാണിതെന്നുള്ളത് രാജ്യമൊട്ടാകെ എല്ലാവർക്കും അറിയാം. 2015-ൽ കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച് ഒരു ബിൽ പാർലമെന്റിൽ കൊണ്ടുവന്നെങ്കിലും രാജ്യ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നതിനാൽ പാസ്സാക്കാൻ കഴിഞ്ഞില്ല. ഭേദഗതിയിലൂടെ വീണ്ടും ഇത്തരമൊരു റൂൾ കൊണ്ടുവന്ന നടപടി ഒരുതരത്തിലും അംഗീകരിക്കാൻ കഴിയില്ല. രാജ്യവ്യാപകമായി പ്രതിഷേധം ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ വിജ്ഞാപനം പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. വർഗ്ഗീയ അജണ്ടയാണ് ഇതിനുപിന്നിലുള്ളതെന്നത് വ്യക്തമാണ്. സുപ്രീം കോടതിയിൽ വന്ന കേസിൽ സംസ്ഥാന സർക്കാർ കക്ഷി ചേരുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: രാജ്യത്തിന്റെ നിയമവ്യവസ്ഥ വെല്ലുവിളി നേരിടുന്ന

സന്ദർഭങ്ങളിലെല്ലാം ഉന്നത നിലവാരത്തോടുകൂടി പ്രസ്തുത വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന കേരള നിയമസഭയുടെ പാരമ്പര്യം വീണ്ടും സഭ ഉയർത്തിപ്പിടിച്ചിരിക്കുകയാണ്. ഇത്തരം സക്രിയ ചർച്ചകളും സംവാദങ്ങളും നടക്കുമ്പോൾ സ്വാഭാവികമായും സംയമനം പാലിച്ചുകൊണ്ട് മാറിനിൽക്കുന്ന രീതിയാണ് സഭാദ്ധ്യക്ഷൻമാർ സ്വീകരിക്കാറുള്ളത്. എന്നാൽ ഈ സന്ദർഭത്തിൽ ഒരു പ്രത്യേക പരാമർശം അനിവാര്യമാണെന്ന് ചെയർ കരുതുന്നു. ഭരണഘടനയിൽ ഉൾച്ചേർന്നിരിക്കുന്ന വൈവിദ്ധ്യപൂർണ്ണവും സങ്കീർണ്ണവുമായ ജനാധിപത്യ പ്രക്രിയയെ അതീവ സൂക്ഷ്മതയോടുകൂടി പരിപാലിക്കപ്പെടേണ്ടത് രാജ്യത്തെ എല്ലാ വിഭാഗങ്ങളിലുംപെട്ട മനുഷ്യരുടെ ആവശ്യവും കടമയുമാണ്. രാജ്യത്തെ സംബന്ധിച്ചിടത്തോളം ഭരണഘടന വക്രീകരിച്ച നിയമനിർമ്മാണത്തിനെതിരായി എല്ലാ കാലത്തും ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. തീർച്ചയായും ഈ വിജ്ഞാപനത്തിൽ പരോക്ഷമായ താൽപ്പര്യങ്ങളുടെ അവസരങ്ങളുണ്ടെന്നുള്ളത് നിർഭാഗ്യകരമാണ്.

## ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് പ്രമേയം അവതരിപ്പിക്കുന്നു. “ 2017 മേയ് 23 - ന് കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത The Prevention of Cruelty to Animals (Regulation of

Livestock Markets) Rules, 2017 മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം 1960-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധവും ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരത്തിന്റെ തികഞ്ഞ ദുർവിനിയോഗവുമാണ്. ഭരണഘടനയുടെ ഏഴാം പട്ടികയിലെ രണ്ടാം ലിസ്റ്റിൽ സംസ്ഥാന വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ് പ്രസ്തുത ചട്ടങ്ങൾ. കേന്ദ്ര സർക്കാരിന്റെ ഈ വിജ്ഞാപനം ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നായ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നു. ലക്ഷക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയും തൊഴിലെടുക്കാനുള്ള അവകാശത്തിന്മേൽ അന്യായമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന പ്രസ്തുത ചട്ടങ്ങൾ ഭരണഘടനയുടെ അനുച്ഛേദം 19 (1) (ജി)- യുടെ നഗ്നമായ ലംഘനമാണ്.

സംസ്ഥാനങ്ങളുടെ കാർഷിക സമ്പദ്ഘടനയെ പാടെ തകർക്കുകയും ഭക്ഷ്യസുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയും കന്നുകാലികളുടെ സ്വതന്ത്രമായ വിനിമയം തടയുകയും ചെയ്യുന്ന 2017-ലെ ചട്ടങ്ങൾ അടിയന്തരമായി പിൻവലിക്കണമെന്നും സംസ്ഥാന വിഷയങ്ങളിൽ നയരൂപീകരണവും നിയമനിർമ്മാണവും നടത്തുന്നതിനുള്ള ഓരോ സംസ്ഥാനത്തിന്റേയും അവകാശം പൂർണ്ണമായി അംഗീകരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.”

സബ്സ്റ്റാന്റീവ് പ്രമേയം സഭ അംഗീകരിച്ചു.

## III പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

(ദേശീയ ഗാനാലാപനത്തോടെ സഭ ഉച്ചയ്ക്ക് 12.00 മണിക്ക് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

******